<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2191</u> <u>06-07-2022 - ൽ മറുപടിയ്ക്ക്</u>

<u>സ്മാർട്ട് അംഗൻവാടി പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് അംഗൻവാടികളുടെ നിർമ്മാണത്തിന് സ്ഥലലഭ്യതയ്ക്കനുസരിച്ച് വകുപ്പ് അനുവദിക്കുന്ന ഫണ്ടും കെട്ടിടങ്ങളുടെ ഘടനയും സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | എ) സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണത്തിന് ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് (10, 7.5, 5, 3, 3 (slopping terrain), 1.25 cent) അനുസരിച്ച് 6 വ്യത്യസ്ത പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം വകുപ്പ് അനുവദിക്കുന്ന ഫണ്ടും കെട്ടിടങ്ങളുടെ ഘടനയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത അംഗൻവാടികളിൽ കുട്ടികൾക്ക് ഒരുക്കുന്ന സൗകര്യങ്ങളും സേവനങ്ങളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | (ബി) പ്രസ്തുത അങ്കണവാടികളിൽ എത്തുന്ന കുട്ടികളുടെ സമഗ്ര വികസനത്തിനുവേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തിയാണ് സ്മാർട്ട് അങ്കണവാടിയ്ക്ക് രൂപകല്പന നൽകിയിരിക്കുന്നത്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാകുന്ന ഹാൾ, പൂന്തോട്ടം തുടങ്ങിയ സൗകര്യങ്ങളും ഒപ്പം കുട്ടികൾക്കായി പ്രീസ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി. വി, മ്യൂസിക് സിസ്റ്റം, ന്യൂട്രിഗാർഡൻ, കുട്ടികൾ വീഴുമ്പോൾ പരിക്ക് പറ്റാതിരിക്കാൻ ക്ലാസ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏര്യയിൽ ഗ്രാസ്സ്മാറ്റ്, ചുമർ ചിത്രങ്ങൾ അഡോളസെന്റ് കുട്ടികൾക്കായി ലൈബ്രറി, മാനസിക ശാരീരിക വികാസത്തിനായി ആവശ്യമായ സജ്ജീകരണങ്ങൾ ഉൾപ്പെടെ സ്മാർട്ട് അങ്കണവാടികളിൽ ഒരുക്കിയിട്ടുണ്ട്. അനുപൂരക പോഷകാഹാരം, പ്രതിരോധ കുത്തിവെയ്പ്പ്, ആരോഗ്യ പരിശോധന, പ്രീസ്കൂൾ അനൗപചാരിക വിദ്യാഭ്യാസം, റഫറൽ സേവനം, ആരോഗ്യ പോഷക വിദ്യാഭ്യാസം തുടങ്ങിയ സേവനങ്ങൾ നൽകി വരുന്നു. |
| (സി) | സ്മാർട്ട് അംഗൻവാടി പദ്ധതി പ്രകാരം മട്ടന്നൂർ നഗരസഭയ്ക്ക് അനുവദിച്ച അംഗൻവാടിയുടെ | (സി) | (സി) സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം മട്ടന്നൂർ നഗരസഭയ്ക്ക് അനുവദിച്ച 2 അങ്കണവാടികളുടെ |

| | | | |
|---|---|---|---|
| | നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ? | | നിർമ്മാണ പുരോഗതി അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

| ക്രമ നം | ഏരിയ (സെന്റ്) | പ്ലിന്ത് ഏരിയ (Sq.ft) | യൂണിറ്റ് കോസ്റ്റ് | വകുപ്പ് വിഹിതം | LSGD വിഹിതം |
|---|---|---|---|---|---|
| 1 | 10 | 1655.23 | 42,92,340/- | 25,00,000/- | 17,92,340/- |
| 2 | 7.5 | 1352.52 | 42,42,174/- | 25,00,000/- | 17,42,174/- |
| 3 | 5 | 968.90 | 32,31,328/- | 20,00,000/- | 12,31,328/- |
| 4 | 3 | 789.75 | 27,64,952/- | 17,00,000/- | 10,64,952/- |
| 5 | 3 (slopping terrain) | 918.97 | 28,70,133/- | 17,00,000/- | 11,70,133/- |
| 6 | 1.25 | 581.00 | 21,37,256/- | 15,00,000/- | 6,37,256/- |

Section officer

അനുബന്ധം – 2

| ക്രമ നം | ഐസിഡിഎസ് | LSGD | സെന്റർ നം | പുരോഗതി |
|---|---|---|---|---|
| 1 | ഇരിട്ടി അഡീഷണൽ | മട്ടന്നൂർ നഗരസഭ | 99 | പ്ലാസ്റ്ററിംഗ് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | ഇരിട്ടി അഡീഷണൽ | മട്ടന്നൂർ നഗരസഭ | 79 | പില്ലർ പണി പൂർത്തീകരിച്ചിട്ടുണ്ട്. |

Section officer